**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** **29-07-2021 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ 2016 വരെ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ടായിരുന്നുവെന്നും നിലവിൽ എത്ര ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്നും അറിയിക്കാമോ; | (എ) | കുണ്ടറ നിയോജകമണ്ഡലത്തിൽ 2016 വരെ ആകെ 150 കശുവണ്ടി ഫാക്ടറികൾ ഉണ്ടായിരുന്നതിൽ 83 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. |
| (ബി) | കുണ്ടറ നിയോജകമണ്ഡലത്തിൽ 2020-21 കാലഘട്ടത്തിൽ എത്ര ഫാക്ടറികൾ പ്രവർത്തിച്ചിരുന്നുവെന്നും പ്രസ്തുത കാലഘട്ടത്തിൽ കശുവണ്ടി ഫാക്ടറികളിൽ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നുവെന്നും അറിയിക്കാമോ? | (ബി) | കുണ്ടറ നിയോജകമണ്ഡലത്തിൽ 2020-21 കാലഘട്ടത്തിൽ 104 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലഘട്ടത്തിൽ കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള 5 ഫാക്ടറികളിൽ 89 തൊഴിൽ ദിനങ്ങളും കാപ്പക്സിന്റെ അധീനതയിലുള്ള പെരിനാട് ഫാക്ടറിയിൽ 117 ഉം പെരുമ്പുഴ ഫാക്ടറിയിൽ 142 തൊഴിൽ ദിനങ്ങളും നൽകിയിരുന്നു. സ്വകാര്യ കശുവണ്ടി ഫാക്ടറികൾ ശരാശരി 150 ദിവസങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ